# കല്ലറിയേണ്ടവൾ

ഖണ്ഡകാവ്യം 1230

~~33184~~

ഗ്രന്ഥകർത്താവ്:

ജോസഫ് മാൻവെട്ടം

1967

വില ഒരു രൂപാ

ഖണ്ഡകാവ്യം

ബൈബിൾകഥ

ഒന്നാം പതിപ്പ്
കോപ്പി—1000
വില രൂപാ—1

ജോസഫ് മാൻവെട്ടം
കല്ലറ P. O.
കടുത്തുരുത്തി

പകർപ്പവകാശം
ഗ്രന്ഥകർത്താവിന്

അച്ചടി
പി. സി. പ്രസ്സ്
കോട്ടയം.

1967
ഒക്ടോബർ.

1230
33184



പാലാ രൂപതയുടെ അഭിവന്ദ്യ മെത്രാൻ
മാർ സെബാസ്റ്റ്യൻ വയലിൽ
തിരുമനസ്സുകൊണ്ട്.

## പാലാരൂപതയുടെ അഭിവന്ദ്യ
## മെത്രാൻ മാർ സെബാസ്റ്റ്യൻ
## വയലിൽ തിരുമേനി
## ഗ്രന്ഥകാരനു നൽകിയ അനുഗ്രഹാശംസകൾ

പ്രിയ ജോസഫ്!

നിങ്ങളുടെ നവീന കൃതിയാകുന്ന ''കല്ലെറിയേണ്ടവം'' എന്ന ഖണ്ഡകാവ്യം ഞാൻ കൌതുകപൂർവ്വം വായിച്ചാസ്വദിക്കുകയുണ്ടായി. അതിൻെറ നിർമ്മാണത്തിൽ താങ്കൾക്കും കാവ്യത്തിനും എൻെറ ഹൃദയംഗമമായ ആശംസകൾ. ബൈബിൾ കഥയെ ആസ്പദമാക്കിയുള്ള കാവ്യതല്ലജങ്ങൾ കൂടുതലായി ഉണ്ടായിക്കാണുവാൻ എനിക്ക് അതിയായി ആഗ്രഹമുണ്ട്. ശ്രീ. മാൻവെട്ടം അങ്ങനെ ഒരു പന്ഥാവിൽ കൂടി സഞ്ചരിച്ചുതുടങ്ങിയിരിക്കുന്നതിൽ സന്തോഷിക്കുന്നു. അതിനാൽ തുടർന്നു യത്നിച്ച് അനേകം സൽകൃതികൾ ക്രൈസ്തവസാഹിത്യത്തിനു തിരുമുൽക്കാഴ്ചവയ്ക്കുവാൻ ശ്രീ. ജോസഫിനെ പരമ കാരുണികനായ ദൈവം അനുഗ്രഹിക്കട്ടെ!

ബിഷോപ്പ്സ് ഹൗസ് പാലാ.
18–ഓഗസ്റ്റ്–1967.

+ സെബാസ്റ്റ്യൻ വയലിൽ
പാലാരൂപതയുടെ മെത്രാൻ

# സമർപ്പണം

ഏതൊരുമഹാകവിയുടെ തൂലികാ-
വിലാസത്താൽ കൈരളീപദ്യ സാഹി-
ത്യശാഖയ്ക്കു് ഈടേറുന്ന മുതൽക്കൂട്ടായി-
വി: ഗ്രന്ഥം കഥാബീജമാക്കി "ശ്രീ
യേശുവിജയം" മഹാകാവ്യം വിരചി
തമായോ ആ യുഗപ്രഭാവനും പ്രതിഭാ
സമ്പന്നനുമായിരുന്ന ദിവംഗതനായ-
"മഹാകവി കട്ടക്കയത്തിൽ ചെറി
യാൻ മാപ്പിള" അവർകളുടെ പാവന
സ്മരണയ്ക്കു മുമ്പിൽ അദ്ദേഹത്തിൻെറ-
ആരാധകരിൽ ഒരുവനായ ഈ സാ
ഹിതീ സേവകൻെറ "കല്ലറിയേണ്ട-
വറ" എന്ന ഖണ്ഡകാവ്യം സ്നേഹ
ബഹുമാനപുരസ്സരം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താവു്

1230

# അവതാരിക

കവിത അനന്തമായ ഒരു ഖനിയാണു്. കുഴിച്ചു ചെല്ലുന്തോറും മനുഷ്യ പുരോഗതിക്കുതകുന്ന ധാതുദ്രവ്യങ്ങൾ അതിൽ കണ്ടെത്താൻ കഴിയും. സംസ്ക്കാര പ്രക്രിയ കൊണ്ടാണു് അവയെ ലോകാകർഷകങ്ങളാക്കിത്തീർക്കേണ്ടതു്. അതിനു ഭാവനയുടെ സഹായം കൂടിയേതീരൂ. ഈ പുടപാകക്രിയ ആദ്യം നടക്കേണ്ടതു കവിഹൃദയത്തിലാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

സ്വയം ആനന്ദിക്കുവാനും അന്യരെ—സഹൃദയരെ—രസിപ്പിക്കുവാനും ശക്തിയുള്ള കവിത ഏതു സാഹിത്യത്തിൻെറയും കാതലായ അംശമാണു്. ശ്രോതാക്കളേയോ അനുവാചകരേയോ രസിപ്പിക്കുകമാത്രമല്ല കവിധർമ്മം. അവരുടെ വികാരങ്ങളെ ശുദ്ധീകരിക്കുകയും സംസ്കാരത്തിൻെറ ഘണ്ടാപഥത്തിലേക്കു് അവരെ നയിക്കുകയും വേണം. അപ്പോൾ മാത്രമേ കവി യഥാർത്ഥത്തിൽ വിജയിക്കുകയുള്ളൂ. വിപ്ലവം സൃഷ്ടിക്കുവാനുള്ള ഒരായുധമാണു കവിതയെന്നു് ഇന്നു ചിലർ വിചാരിക്കുന്നു. അവരുടെ സർഗ്ഗാത്മകത അത്രകണ്ടു സങ്കുചിതമാണു്. മററുചിലർ കലതന്നെയാണു ജീവിതമെന്നു വാദിക്കുന്നു. ഇനിയും ചിലർ കവിത കാലഹരണപ്പെട്ടുപോയെന്നും ഈ യാന്ത്രികയുഗത്തിൽ അതു വായിക്കുവാൻ ആളില്ലെന്നും ഭീഷണി മുഴക്കുന്നു. ഈ വാദകോലാഹലങ്ങൾക്കിടയിലും, വിധിഗതിയെന്നു പറയട്ടെ! കവിത പ്രതിദിനം പൊട്ടിവിരിഞ്ഞുകൊണ്ടിരിക്കുകയാണു്. അഭിരുചിയും ജ്ഞാന പിപാസയുമുള്ളവർ

ആസ്വദിക്കുകയും ചെയ്യുന്നു. സത്യസന്ധമായ ആ ആവിഷ്ക്കരണമാണ് കവിതയെങ്കിൽ അതു് എങ്ങനെ നശിക്കും?

കാവ്യ കൗതുകമുള്ളവർ മലയാളത്തിൽ കുറവല്ല. അശുഭ പ്രതീക്ഷയുടെ ചുഴിയിൽപ്പെട്ട് അവരാരും കറങ്ങുന്നുമില്ല. അവരിൽ സർഗ്ഗവൈഭവമുള്ളവർ പ്രവർത്തിച്ചുകൊണ്ടുമിരിക്കുന്നു. ഇക്കൂട്ടത്തിൽ ഒരാളാണ് ഇന്നു സാമാന്യം നല്ല നിലയിൽ കവി യശസ്സു നേടിയിട്ടുള്ള ശ്രീ. ജോസഫ് മാൻവെട്ടം. സ്മരണ, വെള്ളിപ്പൂക്കൾ, സായംകാലം മുതലായ കൃതികൾ രചിച്ചിട്ടുള്ള ഈ വാസനാകവിയുടെ ''കല്ലെറിയേണ്ടവർ'' എന്ന ഖണ്ഡകാവ്യമാണ് ഇപ്പോൾ എൻെറ മുൻപിലിരിക്കുന്നതു്.

ബൈബിളിലെ സുപ്രസിദ്ധമായ ഒരുപകഥയാണ് ഇതിലെ ഇതിവൃത്തം. ഒരു കുലടയെ, അന്നു നിലവിലിരുന്ന ദണ്ഡനീതി അനുസരിച്ച് കല്ലെറിഞ്ഞുകൊല്ലണമെന്നു ബഹളം കൂട്ടിയ പുരുഷാരത്തോടു് ''നിങ്ങളിൽ പാപമില്ലാത്തവൻ കല്ലെറിയട്ടെ'' എന്നു കല്പിക്കുന്ന ക്രിസ്തുദേവൻെറ ധർമ്മസൂക്തിയാണ് ഈ കാവ്യത്തിൻെറ തേജോബിന്ദു. കഴിയുന്നത്ര വികാരോദ്ദീപകവും പ്രസാദരമണീയവുമായ അലങ്കാരഭംഗിയിൽ ശ്രവണമനോഹരമാകുംവണ്ണം കഥ കവിതാമയമാക്കുവാൻ ഇതിൻെറ കർത്താവായ ശ്രീ. മാൻവെട്ടത്തിനു സാധിച്ചിട്ടുണ്ട്. അഞ്ചു ഖണ്ഡങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. ഒന്നാം ഖണ്ഡം ക്രിസ്തുവിൻെറ ധർമ്മോപദേശരംഗമാണ്. രണ്ടാമത്തേതു് അഭിസാരികയെ ആൾക്കൂട്ടം നീതിമാനായ ലോകരക്ഷകൻെറ മുൻപിൽ ആനയിക്കുന്ന ചിത്രം. മൂന്നാം ഖണ്ഡം അവളുടെ പൂർവ്വകഥാപ്രസംഗം. അടുത്തതു് നായികയെ കല്ലെറിഞ്ഞു കൊ-

ല്ലവാൻ അനുവദിക്കണമെന്നുള്ള അപേക്ഷയും ക്രിസ്തുവിൻെറ അത്ഥഗർഭമായ മറുപടിയും ജനങ്ങളുടെ പിന്തിരിയലും—അവസാനഖണ്ഡം പാപസമ്മതവും കരുണയ്ക്കുവേണ്ടിയുള്ള അകമഴിഞ്ഞ അത്ഥനയും—ഇതാണു കാവ്യസ്വരൂപം.

പ്രായേണ കവിമനോധർമ്മത്തിനു കടിഞ്ഞാണിടുന്ന വിശുദ്ധ വേദഗ്രന്ഥത്തിൽ നിന്നു രമണീയമായ ഒരു സന്ദർഭം തെരഞ്ഞെടുത്തു സ്വഭാവോക്തിയ്ക്കു കോട്ടം വരുത്താതെ സാരോപദേശ സങ്കലിതമായി ഈ ലഘു കാവ്യം നിർമ്മിച്ച വാസനാകവി ശ്രീ ജോസഫ് മാൻവെട്ടത്തെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

''ദൂരെപ്പടിഞ്ഞാറൊരാർപ്പു കേട്ടീടുന്നു
പൂരപ്പറമ്പിലെക്കുളുവൽപോലെ.

X X X

കുങ്കുമവർണ്ണക്കവിളാം തടതങ്കത്തിൽ
തങ്കം നുണച്ചുഴിപ്പൂ വിരിഞ്ഞു.

X X X

ലോലമൃദുലവരിഷ്ഠവാക് ധോരണി
ചേലിൽമൊഴിഞ്ഞു മനോഹരാംഗൻ.

X X X

കോമളപ്പൂങ്കവിൾ ചുംബിച്ചുസ്വാഗത
മോമനിച്ചോതീപ്രഭാതവാതം.

X X X

മാടംവെടിഞ്ഞവർ നിർമ്മിച്ചമാളിക
മാടത്തപാടിപ്പറന്നു കേറി.

X X X

കാർകുഴൽ പൂക്കൾകൊരുത്തു പുറകിട്ടു
കൂരിരുൾ നാരിനാൽ തീത്തപോലെ

X X X

മന്ദംനടക്കും സായാഹ്നസവാരിയിൽ
മന്ദാനിലൻ സാരി ചാരിയാടി.

X X X

കെട്ടുകഠം താനേയഴിഞ്ഞു മൈക്കണ്ണിതൻ
കെട്ടുപാപം കൂടെയൂർന്നു താഴെ—
പൊട്ടിച്ചിരിച്ചിതു കണ്ടൊലീവിൻ മലർ
കൊട്ടിയലച്ചു ഗലീലാക്കടൽ.
ദേഹമുഴിഞ്ഞു വിശുദ്ധയായ്നീയിനി—
പ്പോകാമെന്നോതിതെന്നലോടി.

എന്നിങ്ങനെ പ്രസാദസുന്ദരങ്ങളും സ്വഭാവോക്തി ദ്യോതകങ്ങളുമായ ഈരടികഠം ഇതിൽ വളരെയുണ്ട്. അങ്ങിങ്ങായി രചനാവൈകല്യങ്ങളും ഇല്ലെന്നു പറഞ്ഞുകൂടാ. ഗ്രന്ഥകാരൻ എഴുതിപ്പഴകുന്തോറും രചന ഗുണോത്തരമാകുമെന്നും ഭാവന വികസിക്കുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ശ്രീ. ജോസഫ് മാൻവെട്ടത്തിൻെറ വാസനാസമ്പന്നതൂലികയിൽ നിന്നു രസപ്രദമായ കാവ്യ കുസുമങ്ങഠം ധാരാളം വിരിയട്ടെ എന്നു ഞാൻ പ്രത്യേകം ആശംസിക്കുകയും ഗ്രന്ഥകാരൻെറ ഈ പുതിയ കൃതി സഹൃദയസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം,
24–8–1967.

വെണ്ണിക്കുളം
ഗോപാലക്കുറുപ്പ്



ഗ്രന്ഥകർത്താവ്

# മുഖവുര

അനേകം ഖണ്ഡകവിതകഠം എഴുതിയിട്ടുള്ള എനിക്കു് ഒരു ഖണ്ഡകാവ്യം കൂടി എഴുതണമെന്നുള്ള അഭിവാഞ്ഛ പലപ്പോഴായി വളർന്നുകൊണ്ടിരുന്നു. പ്രത്യേകിച്ചു് ഖണ്ഡകാവ്യപ്രസ്ഥാനത്തിൻെറ ജനയിതാവായിരുന്ന മഹാകവി കുമാരനാശൻെറയും മററു മഹാകവികളുടേയും ഖണ്ഡകൃതികഠം വായിച്ചപ്പോഠം ആ അഭിനിവേശം എന്നിൽ രൂഢമൂലമായി. അപ്രകാരം വളന്നുവന്ന ആഗ്രഹം ഈശ്വരാനുഗ്രഹത്താൽ ഈ വിധം നിറവേറി

ഞാൻ ഈ കാവ്യം എഴുതുവാൻ തുടങ്ങിയതു് 1965 ജനുവരിയിലാണു്. ഇതിൻെറ ഏകദേശ രൂപവൽക്കരണത്തിനു് എനിക്കു് വിശ്രമരഹിതമായ മൂന്നുമാസം വേണ്ടിവന്നു, അതോടുകൂടി അവിചാരിതമായി പിടിപെട്ട രോഗംമൂലം ഞാൻ ആശുപത്രിയെ അഭയം പ്രാപിച്ചു. തിരിച്ചുവന്നു് പലപ്പോഴായി ഏതാനും മാസത്തെ മിനുക്കുപണി കൂടി ചെയ്തപ്പോഴാണു് ഈ കാവ്യത്തിൻെറ ശരിയായ രൂപം ഉടലെടുത്തതു്. പിന്നീടു് കുറെ മാസം പരിശോധകന്മാർക്കായി ചെലവഴിച്ചു. അതിനാൽ ഇതിൻെറ പ്രസിദ്ധീകരണത്തിനു് ഉദ്ദേശിച്ചതിലധികം കാലദൈർഘ്യം വേണ്ടിവന്നു.

ഈ ഖണ്ഡകൃതിയുടെഇതിവൃത്തംവേദപുസ്തകത്തിൽ വി. യോഹന്നാൻെറ സുവിശേഷം എട്ടാം അദ്ധ്യായം ഒന്നു മുതൽ പതിനൊന്നുവരെ വാക്യങ്ങളാണു്. ഇതെഴുതുവാൻ തുടങ്ങിയപ്പോൾ തന്നെ ബൈബിളിലെ ഇതിവൃത്തത്തിൽ കൈവയ്ക്കുന്നതു സൂക്ഷിച്ചു വേണമെന്നു് എൻെറ അഭ്യുദയകാംക്ഷികളായ വന്ദ്യ ആചാര്യന്മാർ എനിക്കു മുന്നറിയിപ്പു നൽകി. തൻനിമിത്തം അല്പം ഭയത്തോടുകൂടിയാണു് ഈ ഉദ്യമത്തിനു മുതിർന്നതു തന്നെ. അതിനാൽ ഈ കൃതി എഴുതിത്തീൎന്ന ഉടനെ കേരളത്തിലെ ധ്യാനഗുരുക്കന്മാരിൽ പ്രഥമഗണനീയനെന്നു് സകലരും സമ്മതിച്ചു കഴിഞ്ഞിട്ടുള്ള ഒരു വന്ദ്യ വൈദികോത്തമനു് ഞാൻ അയച്ചുകൊടുത്തു. അദ്ദേഹം പരിശോധിച്ചശേഷം സ്വന്തം അഭിപ്രായം അനുസരിച്ചു് ഈ കൃതി വടവാതൂർ സെമ്മിനാരി ഭാഷാപണ്ഡിതർ വെ. റവ. ഫാദർ. സി. ററി. വയലിൽ എം. എ. അവർകളെ ഏല്പിച്ചു. അദ്ദേഹവും പരിശോധിച്ചു് വേണ്ട നിർദ്ദേശങ്ങൾ നൾകുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്തശേഷമാണു് ഞാൻ ഈ കാവ്യം പുസ്തകരൂപത്തിലാക്കിയിട്ടുള്ളതു്.

എന്നാൽ വിമർശകരും നിരൂപകന്മാരുമായ പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ ഇനിയും ഏതെങ്കിലും ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ — അവയാഥാൎത്ഥ്യമെന്നു് എനിക്കു ബോധപ്പെട്ടാൽ— തിരുത്തുവാനും ഞാൻ സന്നദ്ധനാണു്. വിമർശനം വ്യക്തിവിദ്വേഷണപരിധിയിൽ കൂടി ആയിരിക്കരുതെന്നു മാത്രം,

ഞാൻ ഈ കൃതി പാലാരൂപതാനാഥൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയ്ക്കു സമർപ്പിക്കുകയും

അവിടുന്നെനിക്കു് കാരുണ്യപൂർവ്വം ഒരാശംസാപത്രം എഴുതിത്തരുകയും ചെയ്തു. തദവസരത്തിൽ വേണ്ട പ്രോത്സാഹനങ്ങളും സമ്മാനങ്ങളും നൽകി ഒരു കരുണയുള്ള പിതാവു തൻെറ പുത്രനെയെന്നതുപോലെ അവിടുത്തെ അജഗണങ്ങളിൽ ഒരുവനാകുന്ന എന്നെ അനുഗ്രഹിച്ച കാരുണ്യാതിരേകത്തിനു് അഭിവന്ദ്യതിരുമേനിയോടുള്ള എൻെറ സ്നേഹനിർഭരമായ കൃതജ്ഞതയും ഈ അവസരത്തിൽ ഞാൻ ആദ്യമായി രേഖപ്പെടുത്തുന്നു.

അത്രുഷ്ട സ്നേഹമസൃണമായ ഒരാനന്ദാനുഭൂതിയാണു് ആ ദീനദയാലുവായ വന്ദ്യപിതാവിൽ നിന്നും ഈ എളിയവനു് ലഭിച്ചതെന്നുള്ള വസ്തുത വിനയസമന്വിതം പ്രസ്താവിച്ചുകൊള്ളുന്നു.

ഈ കാവ്യത്തിനു് ഒരവതാരിക എഴുതിത്തരണമെന്നുള്ള എൻെറ അപേക്ഷയെ സ്വീകരിച്ചു്, കേരളത്തിലെ മഹാകവികളിൽ ഒരുവനും പണ്ഡിതവരേണ്യനും സമദർശിയുമായ മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് അവർകൾ കവിതയുടെ കാഴ്ചപ്പാടിൽ കാര്യമാത്രപ്രസക്തമായ ഒരവതാരിക എഴുതിത്തരുകയുണ്ടായി. ഇപ്രകാരം എന്നെയും ഗ്രന്ഥത്തേയും അനുഗ്രഹിച്ച അപ്രതിമമായ പ്രതിഭാവിലാസസമ്പന്നനും സത്യസൗന്ദര്യ കവിതാസങ്കേതവും ചിരംജീവിയുമായ ആ മഹാകവിക്കും എൻെറ ഹൃദയം നിറഞ്ഞ കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളട്ടെ!

കൂടാതെ, ഈ ലഘുകാവ്യത്തിൻെറ കൈയെഴുത്തുപ്രതി പരിശോധിച്ചു് വേണ്ട എല്ലാ സഹായസഹകരണ

ങ്ങളും ചെയ്തു തന്നിട്ടുള്ള മഹാകവി പ്രവിത്താനം പി. എം. ദേവസ്യാ അവർകൾക്കും എന്റെ വന്ദ്യഗുരുനാഥൻ വിദ്വാൻ ജോസഫ് മുകളയിൽ അവർകൾക്കും ഇതിന്റെ പ്രസിദ്ധീകരണത്തിനുവേണ്ട പണം തന്നു സഹായിച്ച ബഹുമാന്യനായ വ്യക്തിക്കും അച്ചടി പൂർത്തിയാക്കിതന്ന പി. സി. പ്രസ്സ് ഭാരവാഹികൾക്കും എന്റെ പ്രത്യേകമായ നന്ദി പ്രകാശിപ്പിച്ചു കൊള്ളുന്നു.

മാൻവെട്ടം
3–10–1967 } ഗ്രന്ഥകർത്താവ്.

# ഈ ഖണ്ഡകാവ്യത്തിന്റെ ഇതിവൃത്തം.

## ബൈബിളിൽ വി. യോഹന്നാൻ 8-ാം അദ്ധ്യായം 1 മുതൽ 11 വരെ വാക്യങ്ങൾ

''ഈശോ ഒലിവു മലയിലേയ്ക്കു പോയി. അവിടുന്നു പ്രഭാതമായപ്പോൾ വീണ്ടും ദേവാലയത്തിലേയ്ക്കുവന്നു. ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ അടുക്കൽകൂടി; അദ്ദേഹം ഉപവിഷ്ടനായി. അവരെ പഠിപ്പിക്കുവാനും തുടങ്ങി. തത്സമയം പ്രീശരും നിയമജ്ഞരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ടഒരു സ്ത്രീയെ കൊണ്ടുവന്നു് മദ്ധ്യേ നിറുത്തി. അദ്ദേഹത്തോടുപറഞ്ഞു. ''ഗുരോ ഈ സ്ത്രീ വ്യഭിചാരവൃത്തിയിൽ പരസ്യമായി പിടിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണല്ലോ മൂശയുടെ നിയമം. അങ്ങു് എന്തു പറയുന്നു?''

അവരിങ്ങനെ പറഞ്ഞതു് അദ്ദേഹത്തെ പരീക്ഷിക്കാനാണു്—അങ്ങനെ അദ്ദേഹത്തെ പഴിക്കുവാൻ. ഈശോയാകട്ടെ കുനിഞ്ഞു് വിരലുകൊണ്ടു് നിലത്തെഴുതിക്കൊണ്ടിരുന്നു. പക്ഷേ അവർ ചോദ്യവർഷം തുടന്നുകൊണ്ടു് ഈശോ നിവർന്നു് അരുൾ ചെയ്തു.

''നിങ്ങളിൽ പാപമില്ലാത്തവൻ അവളെ കല്ലെറിയട്ടെ!''

ഈശോ വീണ്ടും കുനിഞ്ഞു് നിലത്തെഴുതിക്കൊണ്ടിരുന്നു. ഇതുകേട്ട് വൃദ്ധന്മാർ തുടങ്ങി എല്ലാവരും കടന്നുകളഞ്ഞു. ഒടുവിൽ ഈശോയും മദ്ധ്യേ നിന്നിരുന്ന സ്ത്രീയും തനിച്ചായി. ഈശോ നിവർന്നു് അവളോട ചോദിച്ചു–''സ്ത്രീ, നിന്നെ കുററപ്പെടുത്തിയവരെവിടെ? ആരും നിന്നെ അപരാധിയാക്കിയില്ലേ?'' അവരം പറഞ്ഞു–"കത്താവേ! ആരും ഇല്ല!'' ഈശോ അരുരം ചെയ്തു. ''ഞാനും നിന്നെ വിധിക്കുന്നില്ല! നീ പൊയ്ക്കൊള്ളുക. ഇനി മേലിൽ നീ പാപം ചെയ്യരുതു്.''

# കല്ലറിയേണ്ടവൾ

## I

ചിന്തും കതിരൊളിപ്പുഞ്ചിരി പൂണ്ടക്ക്—
നാ, ദിവസാംഗനാ മൗക്തികത്തെ;

തൻ മയൂഖാമോഘ മന്ത്രകോടി കൊട്ട—
ത്തുണ്മകലന്നൻപിലുദ്വഹിക്കെ;

പൂവണി സൈത്തുമലയിൽ തരുക്കളിൽ
താവും ദലങ്ങളിളക്കി ചെമ്മേ

മേളക്കൊഴുപ്പിൽ പവനകുമാരന്മാർ
താളം പിടിച്ചുല്ലസിച്ചീടുന്നു.

അന്നു യഹൂദയിലുന്നതി പൂണ്ടൊരു
സുന്ദരമോർശലേം ദേവഗൃഹം,

മുന്നമേ, മന്നിൽ പ്രസംഗിപ്പാനീശനു—
സന്നദ്ധമാക്കിയ ശാലപോലെ,

മാർബിരം ശിലയിൽ തറയും ചുവരതും
നിർമ്മിച്ച വൈരക്കൽ വേലയ്ക്കൊപ്പം!

ഊററമായ്, ഗന്ധദാരുക്കളാൽ മേൽപ്പുര-
യേററം മനോഹരമായിത്തീർത്തും

ആർച്ചുകരം, വാതായനങ്ങ,ളെട്ടപ്പുകരം,
ചേർച്ചകലർന്നേഴും സ്ഥൂണമെല്ലാം

ചിത്രപ്പണികളാലത്യന്ത ഭംഗിയിൽ
തീർത്തു കലാശില്പ സംവിധാനം.

രത്നഖചിത തങ്കപ്പണി തത്ര നിർ-
വ്വിഘ്നം വിശേഷവിഭൂഷയായി

പള്ളിതന്നുള്ളിലും ചെയ്തുതീർത്തവർക്കു-
മുള്ളിലാമോദമുരംക്കൊള്ളും മട്ടിൽ;

ഓരോ നിറത്തിൽ സ്ഫടികവിളക്കുക-
ളോരോനിരയ്ക്കുനിരന്നു നീളെ,

അല്ല, മഹസ്സുമകത്തുപകൽപോലെ
ചൊല്ലാന്ന ദീപ്തിവിളക്കിനിന്നു.

അദ്ദേവമന്ദിരം യൂദജനത്തിന്റെ
കീർത്തിസ്തൂപമായ് പേറും സ്തൂപികയായ്,

മന്നിലെ മററുള്ള ദൈവാലയങ്ങളി–
ലുന്നതി പൂണ്ടുലസിച്ചിരുന്നു.

ലോകത്തിൽ തിന്മതൻ ഭീകരനത്തന–
മാകവേനിത്തി നൽശോഭനൽകാൻ

അന്ധകാരത്തിനറുതിയിൽ, കാലൃത്തിൽ,
പൊന്തിടുമാദിത്യബിംബംപോലെ

സത്യസ്വരൂപനാം ക്രിസ്തുമഹേശ്വരൻ
നിത്യപ്രഭാഷണ വ്യഗ്രനാകെ,

പാവനോഷസ്സിൽ വിരിഞ്ഞചെന്താമര -
ത്താരൊളിപ്പുഞ്ചിരി ചേർന്നുമന്ദം,

നിഷ്കാമസേവന രമ്യതപസ്സിനാൽ
നിർവ്വൃതിനേടി നിരാമയനായ്,

മർത്ത്യർക്കു താത്വികബോധമുൾച്ചേർത്തിടും
സത്യപ്രകാശം പകർന്നു നല്കാൻ

പാവന ചേവടിത്താരൊളി ത്തുകിയും
സാവകാശം സുപ്രഭാതമൊന്നിൽ

സൗന്ദര്യമേറു മൊലീവുമലയിൽ നി–
ന്നന്നു, മിദ്ദേവാലയത്തിലെത്താൻ,

ചേണററപാദമലരുകരം വച്ചവ–
ച്ചാനനം ത്തുവിയർപ്പാൽനനഞ്ഞും,

ചിന്തയിൽ മുററുംമുഴകിയും ലോകത്തിൻ
സന്താപ മാററുവാൻ മാർഗ്ഗമോർത്തും

തൃപ്പാദധൂളിയാൽപ്പാരിനേ നാകത്തി–
നൊപ്പമാക്കിച്ചരിച്ചാൻ കൃപാലു!

കോമളപ്പൂങ്കവിരം ചുംബിച്ചു സ്വാഗത–
മോമനിച്ചോതി പ്രഭാതവാതം;

സോല്ലാസമുൽഫുല്ലചാരു പൂവല്ലിയിൽ
സല്ലീനഗാനം കിളിമുഴക്കി;

ത്തൂമകലർന്നോരൊലീവിൽ നിറഞ്ഞാളും–
കോമളസൂനങ്ങരംനൃത്തമാടി;

ദേവദ്രുമങ്ങൾ നിരന്നസുഷമയിൽ
പൂവിതറീടും നിരത്തിലൂടേ,

പ്രാചിയിൽ മന്ദമണഞ്ഞുയന്നീടുവോ-
രംശുമാൻ പോലെഴുന്നെള്ളി ദേവൻ!!

അന്നു മുത്സാഹഭരിതരായ്, ദേശികൻ-
സന്നിധി പൂകുവാനാത്തമോദം,

കെദ്രോൻ, ബഥനി, ജറീക്കോ, ജറൂസലേ-
മാദിദേശങ്ങളിൽ നിന്നനേകർ

സത്യംഗ്രഹിക്കുവാൻ തത്പരരായവർ
നിത്യ സൗഭാഗ്യമാരാഞ്ഞിടുന്നോർ,

പൊള്ളുമനീതിയി, ലാശ്വാസലബ്ധിക്കായ്
ഉള്ളിലാകാംക്ഷ പരം കലന്നോർ

ദണ്ഡിതരെന്നല്ല, നാനാതരക്കാരും
മുന്നിലണഞ്ഞു പ്രചോദിതരായ്

ചുററില്വ മഞ്ജലി കൂപ്പും ജനതതി-
ക്കേററം പ്രിയംകരൻ, കന്യാസുതൻ,

മന്ദമീരുന്നു തുടൻ്റു കുളർമ്മയി–
ലന്നുമന്യാപദേശാലാപങ്ങളം!

നിത്യപിതാവിൻ മഹത്വവും ശാശ്വത–
സത്യവും, സായൂജ്യമാർഗ്ഗങ്ങളും,

പുത്രൻ വഴിയായയ് നിവത്തിക്കും വദാന–
വൃത്തവുമേററം വിശദമാക്കി!

ഭാഗ്യവിലസിത ദൈവസങ്കേതത്തി–
ലെത്തുവാൻ മാർഗ്ഗം കനിഞ്ഞരുളി!

ലോലമൃദുല വരിഷ്ഠ വാഗ്ധോരണി
ചേലിൽ മൊഴിഞ്ഞു മനോഹരാംഗൻ!

ആരിലും സംതൃപ്തി ചേർത്തുപരാപരൻ,
പൂരിതശോഭനാം പൂർണ്ണേന്ദുപോൽ!

ധാരമുറിയാതെ പെയ്യോരാവാക്സുധ,
പാരിടം പാടേ തണുപ്പിക്കയായയ്!

ആ ജനകോടി, കരളും കർണ്ണങ്ങളു–
മാകെ കുളിർത്തുടൻ തൃപ്തി പൂണ്ടു!!

# II

ദ്ദൂരെപ്പടിഞ്ഞാറൊരാർപ്പുകേട്ടീടുന്നു
പൂരപ്പറമ്പിലെ ക്കൂവൽപോലെ!

ഒട്ടേറെയാളുകളുണ്ടു; കരംകെട്ടി-
ക്കുട്ടിമാൻ കണ്ണാളൊരുത്തിയേ ഹാ!

കാട്ടുകുരങ്ങിനെച്ചങ്ങലയിട്ടു പാ-
മ്പാട്ടികൾ ചേലിൽ കളിപ്പിക്കുംപോൽ

കൂട്ടിക്കരം കൊട്ടി, പാടി ''സീളായ്'' പിടി-
കിട്ടിപ്പോയ് എന്നിടയ്ക്കാർത്തുകൂവി,

നീളേ പ്രഘോഷണം ചെയ്തുവരികയാ-
ണാളിജ്ജ്വലിക്കുമൊരാതപത്തിൽ!

ആളിനേ കൈചൂണ്ടിക്കാണിച്ചും, പാതയിൽ
''കൂളിപ്പിള്ളേർ കൂടിക്കൂവിക്കൊണ്ടും,

USI

പോരുംവഴിക്കു വഴിക്കാരസത്തുക്കരം,
നാരിയേനിന്ദിച്ചും ചീത്തചൊന്നും,

കാട്ടുമൃഗമൊന്നു കൈയ്യിലമരുകിൽ
വേട്ടക്കാർക്കുണ്ടുമൊരാനന്ദംപോൽ,

വർണ്ണനാവർഷം തുടന്നവർ ''സുന്ദരി–
പ്പെണ്ണിനേക്കണ്ടോ? കരിമന്തിയേ?''

ആരിവരാക്കൊപ്പമഹങ്കാരം പൂണ്ടവരാ
പേരെടുത്തോരാ, യൂദനാടിൻ ശാപം!!

കുനിക്കരഞ്ഞു, കരം പൂട്ടിപ്പോമിവരാ,
മാനിനീ വർഗ്ഗത്തിൻ മാനം കട്ടോരാ!

കൊള്ളക്കാരി, കരിംകള്ളി, പൂവാലരേ–
ത്തുള്ളിച്ച, കാശുപിടുങ്ങും വേശ്യ!

മിന്നിററിൽ, മിന്നിററിൽ, വേഷം മാറിസദാ–
പൊൻനിറം പൂണ്ടും നടനക്കാരി!

രാജാവിൻ പട്ടമഹഷിപോൽ ഭാവിച്ചു
വ്യാജം പരത്തുന്ന തേവിടിശ്ശി!

1230

33184

എന്തു, കരയുന്നോ? കള്ളക്കരച്ചിലാ-
ലെന്തുനേടാൻ? കൊള്ളാമിന്ദ്രജാലം!

ഇന്നിവാം പെണ്മാൻപോൽ സഞ്ചരിച്ചീടില്ല-
മൊന്നുരിവിട്ടാൽ ''കുതിരചാട്ടം''!!

ഇല്ലി,തിൽ നിന്നിനി രക്ഷനേടാൻപോകു-
ന്നില്ല,യു തീർച്ച,യറിഞ്ഞുകൊാംക;

''നേരേനിവന്നു നടക്കെടീ-മുന്നോട്ടു്;
നേരം പോയ്മോങ്ങുന്നോ?'' നേതാവൊരാാം

കാര്യം കഴിഞ്ഞെടീ!.ചീറുന്നോ വ്യാളംപോൽ!
കാര്യങ്ങളെന്തു നേടാനുണ്ടിനി?

എത്രവളരെ സുഖിച്ചു, രസിച്ചു, നീ-
യിത്രയുമുള്ളിളംപ്രായംതന്നിൽ?

കണ്ടോ,ലിതേ ''തൊഴിൽക്കാരി''യെന്നാക്ഷമേ-
മിണ്ടുവാൻ പററുമോ?'' വേറൊരുത്തൻ.

ഇത്രനാാം വ്യാജച്ചരകള വിറ്റോരിവാം-
ക്കെത്രയ്ക്കു കണ്ടീടും വ്യാജപ്പണം!?

ഇന്നുബന്ധിച്ചതു ഭാഗ്യമായല്ലെങ്കിൽ
മന്നിതിൽ തീമഴ തീർച്ചതന്നെ!!

നീണ്ടുമുററീടുമോ വേശ്യാകുലവൃത്തി?
കൊണ്ടുപോ ശീഘ്രം, മാചര്യാനോതി.

ഈവിധമോരോന്നു, മോരോ തരക്കാര–
ന്നാ, വതുപോലുരിയാടി നീളേ!

നല്ലൂരുളൻ കല്ലുനോക്കിയെടുത്തവർ
കൊല്ലുവാൻ കല്പിക്കിൽ ''വച്ചടിക്കാൻ''!

കാണിച്ചു കണ്ടോളിൻ, ''ഞാനിതു മൂളിക്കിൽ''
ക്ഷുണ്ണപോൽ ചീന്തുമിവരാംതൻ ഗാത്രം!

ഒന്നിനുമുത്തരമോതാതെ, കേണുകേ–
ണന്നവരാം, ജീവശ്ശവംപോൽ നീങ്ങി!

എണ്ണിക്കഴിക്കയായ് മാത്രകളോരോന്നും;
പെണ്ണു, മരണപ്പിശാചിൻ വായിൽ!

പ്രീശർ, നിയമജ്ഞ,രെന്നിവർ കൊണ്ടുപോം
വേശ്യപ്പെണ്ണാണുനാം കാണ്മോരിവരാം!

അന്നു യഹൂദപ്രമാണികരം, യേശുവി-
ന്നുന്നതികണ്ടു സഹിച്ചിടാതായ്;

ദീന,രധഃസ്ഥിതർ, പാപികളെന്നിവർ-
ക്കൂനരഹിതസഹായം നല്കി,

വൻ ജനസഞ്ചയാരാദ്ധ്യനായ്, യൂദയി-
ലോജസ്സുയന്നുള്ള നേതാവായി,

യൂദർ, ഫരിസേയർ തൊട്ടുള്ളവങ്കന്മാ-
ക്കാധിചേൎത്തററ ''തിരിച്ചടി''യായ്;

വാഴവേ, വിദ്വേഷം മൂത്തു മനം ചുട്ടു;
പാഴർ, യൂദാധമർ, ചീറിനിന്നു!

താഴ്ത്താൻ തരം നോക്കി, വീഴ്ചകണ്ടെത്തുവാൻ,
പാൎത്തുപാൎത്തങ്ങും തിരഞ്ഞിരുന്നു!

''ഓർശ്ലേലേ' ത്തന്നു പ്രസംഗിപ്പതാനെന്ന-
താളുകരം ചൊന്നറിഞ്ഞാണുയാത്ര!!

ഒന്നുപരീക്ഷിപ്പാൻ, തെല്ലൊ''ന്നാളുക''വാൻ,
വന്നൊരവസരം പാഴാക്കാതെ.

നേതാക്കളൊത്തു രഹസ്യത്തിൽ ചിന്തിച്ചു
ഭൂതാവേശം പിടിപെട്ടതുപോൽ,

''വെച്ചടിച്ച്''പ്പൊഴേ പെണ്ണിനോടൊത്തവർ,
പാച്ചിലോ മുൻകണ്ട രീതിയിലും!

ആർത്തരോടാർദ്രനാം തൻമുന്നിൽ, യാത്രക്കാ-
രെത്തി, ക്ഷമകെട്ടനിന്നൊരല്പം!

നേതാ,വുടൻ വിരൽ ചൂണ്ടി, ഗുരുവിനോ-
ടോതി ''കുലടയാണീ'ച്ചരക്കു്''!

പാപത്തിൻചേററിൽ കുളിനടത്തീടവേ-
യീ,''പ്പിടക്കാക്ക''യേ കൈക്കലാക്കി!

''മോശ'', തൻ ന്യായപ്രമാണത്തിൽ കല്പിപ്പൂ,
വേശ്യയെക്കൊല്ലണം കല്ലെറിഞ്ഞു്!

മോശമാണല്ലോ പ്രമാണധിക്കാര, മി-
ന്നേശുവിനെന്തേ മതമിതിങ്കൽ?

നാഥനിൽ കുററമാരോപിപ്പതിനവ-
രേത്തുപഴുതും തെരഞ്ഞുനില്ക്കെ,

1230

കൈവന്ന സന്ദർഭമൊത്തു പരീക്ഷിപ്പാ–
നേവം ''കുറിക്കിട്ട'' ചോദ്യശസ്ത്രം!

പ്രത്യുക്തിയൊന്നും മൊഴിയുവാൻ തത്ക്കാല–
മുദ്യുക്തനായില്ല ദിവ്യഗുരു!

മുന്നിൽനിന്നീയുൽ കണക്കുവിറയ്ക്കുന്ന–
തമ്പിയേ തൃക്കൺ പാർത്തല്പനേരം,

കൺമിഴിതെല്ലടച്ചെന്തോ ധ്യാനിക്കയായ്,
മണ്ണിലെഴുതിക്കനിഞ്ഞിരിപ്പായ്!

''മാനവരെന്തറിയുന്നു, ടയോന്നുടെ–
മാനസം? തച്ചിന്തയെന്താണാവോ?''

''കൂത്താട്ട'' മല്പം കുറച്ചു ജനതേ! പൊൽ–
ത്താമരയ്ക്കൊക്കും തിരുമുഖത്തേ,

സൂക്ഷിച്ചുവീക്ഷിപ്പിൻ; തേൻവാക്കുടൻ വരും;
പക്ഷേ, നിങ്ങൾക്കതു കൈപ്പായിടാം!

ഇഗ്ഗുരുനാഥൻെറ താതനാം "വല്യാശാൻ"
കല്പിപ്പതെന്താണെന്നുററുനോക്കി,

ധ്യാനിച്ചിരിക്കയാമിമ്മാതൃക, നിങ്ങ–
ളാനന്ദപൂർവ്വം പഠിച്ചുകൊൾവിൻ!!

# III

നല്ലൊരു പ്രായമെത്തീടവേ പെൺകൊടി,
മല്ലാക്ഷിമാർ മണിയായി മാറി!

അന്നവരം തൻകുടിലുന്നതമായിടാൻ
തന്നംഗകാന്തിയും കൂട്ടുകൂടി!

ദാരിദ്ര്യകുപ്പയിലങ്കുരിച്ചെങ്കിലും
മാണിക്യക്കല്ലുപോൽ ശോഭിച്ചവരം!

നാരിക്കലങ്കാരം യൗവ്വനം, സൗന്ദര്യം—
ചേർന്നുകിലക്കാലം നൽവസന്തം!

ആ നല്ലകാലം രസപ്രദമാക്കുവാൻ,
സാനന്ദമെത്തും ''രസിക''ന്മാരും!

നോക്കും, ചിരിയും, നടപ്പും, കളിവാക്കു—
മാക്കുമാകർഷണാധീനമായി

ഒന്നിനൊന്നേറി വിലസിച്ചപെൺമണി,
വന്നണിഞ്ഞൂ ''വിട''വൃന്ദങ്ങളും!

ഇത്തിരികണ്ടുരസിക്കാൻ ചിലർ; പലർ
നിത്യാനുരാഗപ്രസക്തന്മാരും!

ഓർക്കിൽ വിടന്മാർ, ചെറുപ്പക്കാരേറെയും,
പോക്കണം കെട്ടൊരു കൂട്ടരല്ലോ?

അക്കാമ്യപുഞ്ചിരിത്തേൻനുകർന്നീടുവാൻ,
തക്കത്തിൽ പൂരുഷപൂമ്പാററകാ,

ഏറെനാളങ്ങനെ വന്നടിഞ്ഞപ്പൂവിൽ;
നാരിപ്പൂൺപും പ്രതിഷേധിച്ചില്ല!

സാധുവാംപെണ്ണിനേയല്പകാലംകൊണ്ടു
സ്വാധീനയാക്കീ! കുലടയാക്കീ!

ദാരിദ്ര്യം മാററുവാൻ കൈവന്ന സൗകര്യം
നേരിൽ യുവതിയും സ്വീകരിച്ചു.

''ചോരനുവിത്തവും നേരവുമൊക്കകിൽ
നേരം വെളപ്പോളം ചൂണ്ടുമല്ലോ?''

കാശിനേ മോഹിച്ചപെണ്ണിവളും, ഗാത്രം—
ലേശംമടിക്കാതെ വിററിരുന്നു.

നാരംകങനാരം "നോട്ടെ''ണ്ണി കൈതഴമ്പിച്ചഹോ!
മേൽഗതിക്കുള്ള വഴിതെളിഞ്ഞു.

മാടംവെടിഞ്ഞവരം നിർമ്മിച്ചമാളിക
'മാടത്ത'പാടിപ്പറന്നുകേറി!

അന്നവരം തൻകടക്കണ്ണേറുകാംക്ഷിച്ച
വന്നിരുന്നെത്രയോ സ്ത്രീലമ്പടർ!

നാരിമാർക്കല്ലമുയർച്ചയുണ്ടാവുകിൽ,
ചേരുമഹംഭാവമൊപ്പം തന്നെ!

ആ വഴിയ്ക്കെന്തൊക്കെ ചെയ്യുകൂട്ടീടുമെ—
ന്നാവതോ ചൊല്ലുവാൻ? കഷ്ടം കഷ്ടം!!

ചാരിത്രം കാശിന്നുവിററുകുടിക്കയാം
പാരിതിൽ പുംശ്ചലീ ചഞ്ചരീകം!

പെണ്ണിവളേററം കുറഞ്ഞോരിടകൊണ്ട
പുണ്യത്തെ,യാത്മാവോടൊപ്പംതള്ളീ!

ഈശനേച്ചിന്തിപ്പാൻ ലേശമൊത്തില്ലവരം-
ക്കാ,ശയം മററൊന്നിൽച്ചേർന്നമൂലം!

വന്നവർ വന്നവർ നീട്ടും പണം വാങ്ങി-
യന്നത്തേ ''നാരംവഴി'' തീർത്തുവച്ചു!

കുങ്കമവർണ്ണകവിരംത്തടത്തങ്കത്തിൽ
തങ്കം നണച്ചുഴി പൂവിരിഞ്ഞു,

കാതുകരം രണ്ടിലും ''ഡോലക്കി''ൻ ഞാലികരം
വാതുകളിക്കയായ് ചില്ലിക്കാററിൽ!

കാർകുഴൽ, പൂക്കരം കൊരുത്തുപിറകിട്ട
ക്കുരീരുരം നാരിനാൽ തീർത്തപോലെ

തന്നരക്കെട്ടു കവിഞ്ഞു നീണ്ടീടിലും
പിന്നി ''റിബൺ'' കൂട്ടിക്കെട്ടിതുമ്പിൽ!

ആടിക്കുഴഞ്ഞവരം തേവടി വേഷത്തി-
ലാടയാൽ ''കണ്ണാടിവണ്ടി''പോലെ;

പൊൻപൂച്ച പാദുകം ചാർത്തി നടക്കുമ്പോരം,
ഇമ്പമേറും ശ്രുതി പിൻതുടർന്നു.

ചെമ്പവിഴക്കര വല്ലിയിൽ കാപ്പതും,
കൈവിരൽ പത്തിലും മോതിരവും,

ചാർത്തിവടിവാർന്ന കണ്മഷിയിട്ട സ—
ദ്രത്നഹാരങ്ങളണിഞ്ഞഴകിൽ,

മന്ദംനടക്കും സായാഹ്നസവാരിയിൽ,
മന്ദാനിലൻസാരി ചാരിയാടി!

ഭാര്യയായില്ലിവളാർക്കും, മദോല്ലാസ—
മേറിടും മാറുനിറഞ്ഞു ഭംഗി!

പൂമുഖത്തും, സുമവാടിയിലും ചെന്നാൽ,
പൂവിറുക്കും; ഗീതം മൂളിപ്പാടും

കോലായി ലുദ്രസം ചേർന്നു, കൈയൂന്നിയും,
കാലിണമന്ദം കുണുക്കിക്കൊണ്ടും,

ആളുകളേറെയാരാധിക്കും താനൊരു
കൂളിയല്ലെന്ന മദത്താൽ മേവും!

പത്തരമാററു തങ്കത്തിലും മേൽത്തരം—
വസ്തുതാനെന്നു സ്വയം മദിക്കും!

''ചില്ലറ'' പോയ്, തുകയേറിപടിപ്പടി;
മെല്ലെയുയന്നു മനത്തെളിവും!

ക്ലേശമുദിച്ചു പണക്കൊഴുപ്പേറേറാക്കു,
കാശുകാരാളായി, മാറിയങ്ങ്!

1230

കാലുപിടിച്ചു പറഞ്ഞുനോക്കി ചിലർ,
കാശില്ലേ? വേഗം പൊയ്ക്കൊൾകെന്നവരാ!

നാരായം ചങ്കിൽ തറഞ്ഞുകേറീടിലും—
സാരമില്ലാവാക്കു പുണ്ണിൽകുത്തി!

കാര്യംകഴഞ്ഞല്ലോ? പെണ്ണിവളാളായി!
ധൈര്യമായ് ധിക്കരിച്ചല്ലോ നമ്മേ!

ഒന്നുനോക്കാം പണിപററുമോയെന്നിന്നു;
''വന്നുകൊണ്ടീടിലേ'' പെണ്ണറിയൂ!

ചെന്നു പിടിച്ചേട്ടത്തീടണം ''കള്ളിയേ''—
യെന്നു മുൻകാമുകർ തീർച്ചചെയ്തു.

ഒട്ടനാരം കാത്തുകെണിയിൽ വീഴിച്ചിന്നു-
കിട്ടിയതാണു പൊന്മാൻ പേടയേ!

''തൊണ്ടിയോടൊത്തു പിടിക്കുകിൽ കള്ളനു—
മിണ്ടുവാൻ പററുമോ? കൊണ്ടുപോന്നു!''

അന്യായം ലാഭകരമെന്നിരിക്കിലു—
മുന്നതാധീശനനുവദിക്കാ;

പാപക്കല്ലാൽ കെട്ടിപ്പൊക്കിയമാളിക
ഹാ! പതിക്കും വേഗം കാറേറാക്കിലും!!

# IV

**പെട്ടെന്നു** കിട്ടുമെന്നോർത്തവ രുത്തരം
വട്ടമിട്ടൗത്സുക്യമേറി നിന്നു.

അന്ത:കരണംമുഴറിക്കതിക്കയാൽ
പിന്തിരിയാതെ തുടർന്നു ചോദ്യം.

ഒന്നും കഥിച്ചില്ല ദിവ്യജ്യോതിസ്സതാൻ;
പിന്നെയും കുമ്പിട്ടിരുന്നെഴുതി!

ചോദ്യവർഷക്കാർ, രഹസ്യബന്ധങ്ങളി–
ലാദിമുതലിടപെട്ടു ചെയ്ത;

ഘോരപാപങ്ങളോ? മണ്ണിൽ കുറിച്ചതാ–
മോരോവരിയും തുകെക്കിനാലെ!

അസ്ഫുടമോരോരോ ശബ്ദവും, ചോദ്യവും,
ശ്രദ്ധതിരിക്കാൻ തുടന്നേവരും.

കൈകളിൽ കല്ലുമായ് തത്ക്ഷണം മോസസ്സിൻ
നേമം നടത്താനൊരുങ്ങി നില്പായ്!

വാരനാരികളേ കല്ലിനാൽ നിഗ്രഹി–
പ്പോരുനിയമം നടക്കും കാലം.

അല്ലെങ്കിൽ കുററം വിടുകിലുമവ്വണ്ണം;
വല്ലാത്ത "വെട്ടിലാക്കാൻ"ശ്രമമായ്!

"കച്ചകെട്ടി"പ്പഠിച്ചെല്ലാ കുതന്ത്രവും
"വച്ചടി"ച്ചിങ്ങോട്ടു ദുഷ്ടലോകം!

ഉത്തരം മുട്ടിക്കലാണവർക്കുദ്ദേശ്യം;
കർത്താവിനേക്കളിയാക്കിടേണം!

കൊച്ചുകളിവാക്കു മന്ത്രിക്കയായ് ചിലർ,
"പച്ച"തൊടില്ലിന്നു! ചൂളിപ്പോയി!

ഇത്തിരിയൊന്നുനിൻ വാക്കുമുട്ടിക്കുവാൻ
ഒത്തിരിനാളു കിണഞ്ഞു ഞങ്ങൾ;

"ഇന്നടിപെട്ടു" നീ! നിൻെറ തന്ത്രങ്ങളും!
ഇന്ന,ല്ലെങ്കിൽ നാളെ നാടുവിടാം!!

സംഖ്യയററുള്ള ജനത്തേ, സർവ്വേശര–
സന്തതിയെന്ന വ്യാജേനനിത്യം.

എന്തെന്തൊരത്ഭുത വൈചിത്ര്യമോ? മഹാ–
തന്ത്രജ്ഞ,നേശു, മയക്കീലോകം!

ദീക്ഷകണ്ടാൽയതി, വേഷവും, വീക്ഷണ-
വിക്ഷേപമേറും നടപ്പുമൊക്കും!

എന്തൊരു''പുള്ളി''യോ? നോക്കിയിരുന്നിത്ഥം;
ചിന്തിക്കും സൂത്രമതെന്താണാവോ?

എന്നും പ്രഭാഷണം തത്വോപദേശവും;
ഇന്നിതിനാൽ തന്നെ ഭാണ്ഡം കെട്ടും!

കാണട്ടെ! നേതാവിൻ സാമർത്ഥ്യം! തന്ത്രംകൊ—
ണ്ടാണുകളിയെന്നു കാണാമിപ്പോൾ!

ഇമ്മഹാവേശ്യയ്ക്കുമാപ്പുകൊടുക്കുവാൻ
ദുർമ്മതി കോപ്പിട്ടാൽ നേടീ നമ്മൾ!

മൂശതൻകൽശകല്പനലംഘിച്ച
നീചനായിത്തുവ്വിൽ ''താറടിക്കാം''!!

കല്ലെറിഞ്ഞീടുവാൻ കല്പിച്ചാലുണ്ടല്ലോ
കാരുണ്യഘോഷം വെറും ചന്തവും!

എങ്ങിനെയാകിലും നന്നായ് കുടുങ്ങിടും
ഇന്നു ജയിക്കാം നമുക്കു തിട്ടം!!

ഉള്ളിലസൂയപെരുത്തസംതൃപ്തിയാൽ
കൊള്ളിവാക്കേവം മന്ത്രിച്ചാർ ദുഷ്ടർ!

തെല്ലുംവിടാതെ തുടന്നു ചോദ്യം, പല-
രല്ലേ? കടന്നു സമയമേറെ;

എങ്കിലു, മുട്ടിഷ്ടകാര്യസംതൃപ്തിയി-
ലെങ്കിലുമെത്താ, മന്യൂനമായി,

എന്നൊരു രൂപമവർക്കകെത്തുണ്ടെന്ന-
തൊന്നുധരിച്ചു നിവന്നു ദിവ്യൻ!

ശല്യമായ്, ചോദ്യധിക്കാരപരിഹാസ-
പല്ലവി, വല്ലാത, സഹ്യമായി!

സ്ത്രീയിലും, ചുററിലും, സശ്രദ്ധം വീക്ഷിച്ചു
ളുവിളം പാടലവായ്മലരാൽ,

**"പാപമില്ലാത്തവൻ നിങ്ങളിലാദ്യമായ്**
**കല്ലെറിഞ്ഞീടട്ടെ! സ്ത്രീയവളെ"!!**

എന്നു തിരുമൊഴി ചൊന്നു മഹാശയൻ,
പിന്നെയും കുമ്പിട്ടെഴുതി ഭൂവിൽ.

വെള്ളിടിവെട്ടുകിൽ ഞെട്ടിടും പോലെല്ലാ-
മർത്ത്യരും നോക്കി മിഴിച്ചു ക്ഷണം!!

കല്ലുകരം കൈവിട്ടറിയാതെ താഴപ്പോയ്,
നല്ലൊരു ക്ലനയുയന്നു ചുററും!

വെമ്പലാൽ മുമ്പരായ്നേതാക്കളോടിപ്പോയ്—
'പ്പമ്പ' കടന്നരിയാടിയില്ല.

കാണികളത്ഭുതസ്തബ്ധരായ്പ്പോയല്ലോ!
നാണി,ച്ചിളിച്ചു പുരോഹിതരും!

ഊടുവഴിക്കകടന്നു മിടുക്കന്മാർ,
പാടുപെട്ടോടി 'തടി' കൊഴുത്തോർ

നേരേ വഴിവിട്ടു, കയ്യാലചാടിയും,
വേലിതകർത്തും. കടമ്പയുന്തും,

ഓട്ടംവഴിക്കു പറഞ്ഞു ചെറുപ്പക്കാർ,
പാടുപെട്ടെന്തിനീ പോക്കുപോന്നു?

നാണം കൊട്ടുള്ളോരീ വേലസ്സു പോരാതെ—
യാണത്തമായ് ഹനിസ്സായിരുന്നു.

നല്ലനിയമമിരിക്കെ, യാരെന്തിനീ—
വല്ലന്തി, മൂല്യംകൊടുത്തു വാങ്ങി?

ഗൃസ്തിക്കാർ കേവണം ചാടിക്കുഴത്തററാൽ,
ചേർത്തുവച്ചാരാനു മൊന്നിക്കുമോ?

ചാകാൻ കുടിച്ചു മുങ്ങുന്നവൻ തൻമുമ്പിൽ
ചാണകമാരുകലക്കീടുവാൻ?

ഉത്തരം നല്ലതുതന്നെ കിടച്ചില്ലേ?
ചത്തീടട്ടെ, പോയിനേതാക്കന്മാർ!!

നന്മനസ്സുള്ള ചിലരേശുദേവൻെറ
മേന്മയുത്ഘോഷിച്ചു ചൊന്നാരിത്ഥം.

അപ്രമേയദ്യുതിവക്ത്രം കണ്ടില്ലേ നാം?
എത്ര പ്രഗത്ഭനാളെന്തു വാഗ്മി?

അമ്പമ്പോ! ചിന്തിക്കിലെന്തൊരു ദിവ്യനി—
ത, മ്പോടു നോക്കുന്ന നോട്ടം കണ്ടോ?

പത്തിയടക്കി, പതുങ്ങിയിരുന്നിട്ടു,
കൊത്തിയകൊത്തു ഭയങ്കരം! താൻ,

ഉത്തരം കിട്ടാൻ പ്രതീക്ഷിച്ചതി, ലിന്നൊ—
രുത്തനു, മക്ഷരം മിണ്ടേണ്ടല്ലോ?

പിന്നീടവരും സ്ഥലംവിട്ടു; പാകത-
വന്നാൽ മനുഷ്യർക്കു ''പേ'' കുറയും.

''ബുദ്ധിപെരുത്തവർക്കുണ്ടാകുമാപത്തിൽ,
പത്തിലൊന്നെത്തിടാ വിഡ്ഢികൾക്കു്!

ആളറിഞ്ഞീടാ, തളക്കുവാനെത്തുകിൽ,
വ്രീളനം, വേതനം, തക്ക ഞായം!!

# V

തീയെരീവെയ്ലത്തു ദണ്ഡിപ്പിച്ചേററവും
തീ, രചിച്ചുള്ള കൃപാലയൻെറ

മുന്നിൽപ്രതിഷ്ഠപോൽ നില്ക്കും വരാംഗിയും
സന്ദർഭഗൗരവം പാത്തറിഞ്ഞു!

തത്ക്ഷണം കണ്ടുമുൻ കാണാത്ത ദീപ്തിയൊ-
ന്നക്ഷയനേശ്രുവിൻ കാരുണ്യത്താൽ;

കൊല്ലുവാനെത്തിയോർ കല്ലുതാഴെക്കളെ-
ഞ്ഞെല്ലാം കടന്നതും സൂക്ഷിച്ചവരാം.

അത്തലിരുട്ടതിലാമോദചന്ദ്രിക—
യെത്തിവിളങ്ങിയപ്പാവ, മപ്പോരം,

ആശ്വാസമേറി, യഭിമാനത്തോടൊന്നു—
നിശ്വസിച്ചാനില്പിൽ ദീർഘമായി!

നഷ്ടമായയോരുയിർവീണ്ടുകിട്ടീടുകിൽ
തുഷ്ടിയെന്തേറില്ലജീവികളിൽ?

ദിവ്യസ്നേഹാഗ്നിപ്പടർപ്പിലെരിഞ്ഞവരം,
നവ്യമനഃസ്ഥിതി കൈവരിച്ചു!

ഒന്നുചിന്തിക്കയായ്. പങ്കിലമായുള്ള
മന്നിലേ ജീവിതപശ്ചാത്തലം!

പെണ്മണി നിഷ്ക്കർഷാപൂർവ്വം തെരഞ്ഞിട്ടും
കണ്ണിൽപ്പെട്ടില്ല ''ചാരിത്ര്യ'' പദം!

തൻഭംഗുരസ്ഥിതിയോർത്തു, വിലപിച്ചാ —
നിർഭരവ്യാകുലവ്യഗ്ര, പാരം!

മുന്നിലാ നാഥനിൻ ദൃഷ്ടിപതിപ്പിച്ചി-
ട്ടൊന്നുതുടർന്നു തന്നാത്മകഥ.

''തെററുചെയ്തീമകരം നിൻസന്നിധാനത്തിൽ
കുററമോറിന്നുകൈകെട്ടിനിൽപ്പൂ!

നോക്കണേ, തൃക്കണ്ണാലീമഹാപാപിയെ,
തീക്കണേ, മെയ്ച്ചെളി, ജീവനാഥ!

ജീവിതംതീരാൻവഴിവന്നണയവേ,
ജീവനെരക്ഷിച്ച സർവ്വശക്താ!

അന്ധാനിപ്പോർ, ഭാരമേറുവോ, രൊക്കെപി—
ന്പെത്തുവാൻസത്യമായ് ചൊന്നദേവാ!

ആലംബഹീനക്കിന്നാപത്തിലാശ്വാസം
മൂലോകനായകൻ, നീതാനല്ലോ?

കന്മഷഗർത്തത്തിലാണ്ടുപോയോരിവരം—
ക്കൊന്നുനൽകീടണേ, മാപ്പുതാതാ!

നാഗത്തിൻവക്ത്രത്തിൽഭേകിപോൽ കേഴുന്നു,
നാകാധിനാഥനെ! പോററിയാലും!

ജോഷമേറീടുംവപുസ്സിൻെറ പ്രീണനം,
ഭോഷിഞാൻ, സർവ്വപ്രധാനമാക്കി!

ആയത, നശ്വ മായ്! മാനസംമാത്രം ഹാ!
കായംദഹിക്കാതെരിഞ്ഞീടുന്നു

ഹീനമാംമായതൻ പിൻപേ പാഞ്ഞീടവേ:
വീണുഞാൻ കുണ്ടതിൽ, കൈയ്യേകണേ!

നിൻകരതാരിനാൽ തീർത്തൊരുചരാഗിഞാൻ,
നിൻബലിയ്ക്കായ് സ്വയമർപ്പിക്കുന്നേൻ

പേർത്തുമുൽക്കണ്ഠാവിവശയായന്തിയി–
ലെത്തി, യാചിക്കുവാൻ നിൻപടിക്കൽ!

ഇന്നുമുതൽക്കുഞാൻ, തൽപരി ചര്യയ്ക്കായ്
നിന്നിടാമഞ്ജലീബദ്ധയായി!

പൊട്ടിത്തകൻറിതുമാർച്ചിടം തന്വിയ്ക്കു,
പൊട്ടിക്കരഞ്ഞുകണ്ണീരൊഴുക്കി.

''മുററിനിന്നീടും പഴപ്പുകറപൊട്ടാതെ–
പററുമോ? വൻകുരുവങ്കുരിച്ചാൽ?

ചോരുമാകണ്ണീരു, മാലിന്യം നീക്കുവാൻ
പോരുംപ്രത്യൗഷധം; കേണാലും നീ!.

കണ്ണീരാൽപാദംനനച്ചിട്ടും ധൂളിയാരം
മണ്ണിലെഴത്തും കൃപാലയനെ!

സത്യത്തിലുള്ളഴിഞ്ഞുള്ളഭക്ത്യാദരാൽ
നിത്യമണാളനായ്സ്വീകരിച്ചും

തപ്തനിശ്വാസാൽ സമസ്താപരാധവും
നിസ്രൂപമേററുപറഞ്ഞുനില്പായ്

അത്തലിലെത്തുവോക്കാശ്വാസമേകിടും
സത്യതേജസ്സ്വരൂപരം കനിഞ്ഞും,

അത്യന്തംതേങ്ങിക്കരഞ്ഞനുതാപത്തി—
ലെത്തിപെണ്ണെന്നതുബോദ്ധ്യമാകെ,

അന്തിവിണ്ണിൻനിറംപൂണ്ടവദനത്തിൽ
ചെങ്കനൽ നേത്രദ്യുതിയുയർന്നും

ദത്തയായ്മുന്നിൽനിന്നീടുംപെണ്ണും, താനും
മാത്രമായെന്നങ്ങുകണ്ടുടനേ,

മെല്ലെനിവന്നൊന്നുചോദിച്ചു—''**പെൺകുഞ്ഞേ**
**അല്ലേ!—യവരെല്ലാമെങ്ങുപോയി?**

ആരുംവിധിച്ചില്ലെ നിന്നെയിദം'' ദയാ
നീരധി ചോദിച്ചമാത്രയിത്താൻ,

മുഗ്ദ്ധാധരത്തിലെയൗത്സുക്യമേറീടും
മാധുര്യശീതളവാക്സുധയാൽ.

ആകൃഷ്ടയായവളപ്രമേയാദരാ—
ലങ്കരിച്ചുള്ളനതാപാശ്ര്വവിൽ,

മുങ്ങികളിച്ചുക്ഷണംനിന്നു! പിന്നീടു
തേങ്ങികൊണ്ടിത്ഥമുരച്ചുമന്ദം!

''ഇല്ല കത്താവേ! വിധിച്ചില്ലൊരുത്തനും''
തെല്ലിടനിശ്ശബ്ദംവീണ്ടും രംഗം!

ചഞ്ചലമേനിതൻ ദീർഘനിശ്വാസം താൻ,
പിഞ്ചുകിളിമൊഴിയ്ക്കൊപ്പം കേട്ടു!

പുഞ്ചിരിപൂണ്ടൊന്നുചിന്തയ്ക്കിടയ്ക്കീശൻ;
തഞ്ചത്തിൽ താടി തലോടിക്കൊണ്ടേ,

ആമഹിളയ്ക്കുന്നമോർമ്മയുരംക്കൊള്ളും മ—
ട്ടാമഹാത്മാവുകഥിക്കയായി

"ഞാനുംവിധിക്കുന്നതില്ലനിന്നെസുതേ-
ഹീനംപാപംമേലാൽചെയ്യരുതേ!"

കെട്ടുകരും താനേയഴിഞ്ഞു മൈക്കണ്ണിതൻ
കെട്ടപാപംക്കുടെയൂർന്നുതാഴെ!

പൊട്ടിച്ചിരിച്ചിതുകണ്ടൊലീവിൻമലർ,
കൊട്ടിയലച്ചുഗലീലാക്കടൽ!

ദേഹമൂഴിഞ്ഞു ''വിശുദ്ധയായ്'' നീയിനി-
പ്പോകാമെന്നോതി, തൈത്തെന്നലോടി!

ഏററംനികൃഷ്ടയാമെന്നെവമ്പിച്ചതാം-
ക്കുറിനാൽകല്ലിൻ മുനയിൽനിന്നും

രക്ഷിച്ചു, തൃക്കണ്ണെറിച്ചു സുകൃതിപൊ-
ന്നക്ഷയപാത്രം! വിശുദ്ധയാക്കി!

അക്കൃപാസാഗരമെൻെറ സർവ്വസ്വമ-
ത്തൃക്കാലേമേലു, മെനിക്കഭയം!

ലോകംചതിച്ച ചതിയെന്തുഭീകരം!
പോകില്ലിനിയാപ്പിശാചിൻ പാർശ്വേ!

ആത്താവലംബമേ! രക്ഷകാ! ചേവടി-
ചേത്താലുമെന്നെ,യിദ്ദാസിയേ, നീ!

കുട്ടിനി, തീവ്രമായ് പ്രാൎത്ഥിച്ച നാഥനിൽ
ദൃഷ്ടിചേർത്താന്നു കുമ്പിട്ടശേഷം,

വന്നവഴിയ്ക്കുതിരിച്ചു! തൻ ജീവിത-
മൊന്നതു നവ്യമാം മാർഗ്ഗത്തിലും!!

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. MA-10 Acc No. 1230

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

MA-10 1230

MA-10

ജോസഫ് മാൻവെട്ടം

കല്ലെറിയേണ്ടവൾ

1230